ഓവുചാൽ നിർമ്മിക്കുവാൻ നടപടി

53 (1363) ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ മണ്ഡലത്തിലെ എൻ.എച്ച്.17-ൽ അരീക്കാട് ബസാറിൽ നിന്നും 220 കെ.വി. സബ്സ്റ്റേഷൻ വരെയുള്ള ഭാഗത്ത് ഓവുചാൽ നിർമ്മിക്കണമെന്ന ആവശ്യം പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ ;

(സി) ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ ഭാഗത്ത് ഓവുചാൽ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും പ്രസ്തുത സ്ഥലം വിശദമായി പരിശോധിച്ച് ആവശ്യമാണെങ്കിൽ ഓവുചാൽ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉദിക്കുന്നില്ല.

മലപ്പുറം ജില്ലയിലെ വെള്ളാംപുറം സ്റ്റേറ്റ് ബോർഡർ റോഡിന്റെ പണി

54(1364) ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വേൾഡ് ബാങ്ക് സഹായത്തോടുകൂടി കേരള ട്രാൻസ്പോർട്ട് പ്രോജക്റ്റിന്റെ ഭാഗമായി മലപ്പുറം ജില്ലയിൽ വെള്ളാംപുറം സ്റ്റേറ്റ് ബോർഡർ റോഡിന്റെ പ്രവർത്തനം എടവണ്ണയ്ക്കും നിലമ്പൂരിനും ഇടയിൽ നിർത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ&ബി) കാലാവസ്ഥ മോശമായതുകൊണ്ട് പണി തൽക്കാലത്തേക്ക് നിർത്തി വച്ചിരിക്കുകയാണ്. കാലാവസ്ഥ അനുകൂലമാകുന്ന മുറയ്ക്ക് പണി പുനരാരംഭിക്കുന്നതാണ്.

വെള്ളം കെട്ടിനിൽക്കുന്നതുമൂലമുള്ള ഗതാഗത തടസ്സം

55(1365) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽ സ്റ്റേറ്റ് ഹൈവേ 38-ൽ പാവങ്ങാട് മുതൽ പുരത്തറ വരെയുള്ള ഭാഗം മഴക്കാലമാകുമ്പോൾ വെള്ളംകെട്ടിനിന്ന് ഗതാഗതതടസ്സമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly